(ഡി) കൈത്തറി മേഖലയിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) നടപടികൾ കൈക്കൊള്ളുന്നതാണ്.

കൈത്തറി വികസന കോർപ്പറേഷൻ ശക്തിപ്പെടുത്താൻ നടപടി

24 [2796] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനെ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ഏതെങ്കിലും സ്ഥാപനങ്ങൾ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ പേര് പഠനം നടത്തിയ വർഷം എന്നിവ അറിയിക്കുമോ;

(ബി) പ്രസ്തുത പഠനം പൂർത്തിയായിട്ടുണ്ടോ; പഠന റിപ്പോർട്ട് കോർപ്പറേഷനോ സർക്കാരിനോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ പ്രസ്തുത ശുപാർശകളിന്മേൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ ദീൻദയാൽ ഹാത്കർഘ പ്രോത്സാഹൻ യോജന പ്രകാരം ഹാൻവീവിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വിശിഷ്യ പ്രവർത്തന മൂലധനം നേടുന്നതിന് വേണ്ടി തിരുവനന്തപുരത്തുള്ള സെന്റർ ഫോർ മാനേജ്മെന്റ് ആന്റ് ഡെവലപ്മെന്റ് 2003-ൽ ഒരു പഠനം നടത്തുകയുണ്ടായി.

(ബി) ഉണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) കോർപ്പറേഷന്റെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തുന്നതിന് വാർഷിക പലിശ ബാദ്ധ്യതയായ 170 ലക്ഷം രൂപ ഒഴിവാക്കുന്നതിന് വേണ്ടി 2003 മാർച്ച് 31 വരെ ജാമ്യമുള്ളതും അല്ലാത്തതുമായി സംസ്ഥാന സർക്കാർ വിവിധ ഘട്ടങ്ങളിലായി നൽകിയ കടവും പലിശയുമുൾപ്പെടെ 2652.90 ലക്ഷം രൂപ മൂലധനമായി മാറ്റണമെന്നും ശുപാർശ ചെയ്തിരിക്കുന്നു.

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തന മൂലധനത്തിനായി 2 വർഷക്കാലയളവിലേയ്ക്ക് കേന്ദ്ര ഗവൺമെന്റ് 159.43 ലക്ഷം രൂപയും, സംസ്ഥാന ഗവൺമെന്റ് 159.41 ലക്ഷം രൂപയും, ബാക്കി 1222.75 ലക്ഷം രൂപ ബാങ്ക് വായ്പയായും, കമ്പ്യൂട്ടറൈസേഷന് 50 ലക്ഷം രൂപ, വി.ആർ.എസ്. 140 ലക്ഷം രൂപ, ഷോറും നവീകരണത്തിന് 100 ലക്ഷം രൂപ, ഡിസൈൻ ഡവലപ്മെന്റിന് 50 ലക്ഷം രൂപ, ട്രെയിനിംഗിന് 25 ലക്ഷം രൂപ. മൊത്തം 365 ലക്ഷം രൂപ കേന്ദ്ര സംസ്ഥാന സഹായധനമായി നൽകണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

സംസ്ഥാനത്തെ കൈത്തറി യൂണിറ്റുകൾ

25 [2797] ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. വർക്കല കഹാർ :
,, പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കൈത്തറി യൂണിറ്റുകളുണ്ട്;

(ബി) എത്ര കൈത്തറി യൂണിറ്റുകൾ 31-12-04-ലെ കണക്കു പ്രകാരം ആധുനികവൽക്കരിച്ചിട്ടുണ്ട്;

(സി) എത്ര തൊഴിലാളികൾക്ക് കൈത്തറി ഉല്പാദനത്തിൽ പ്രത്യേകമായി പരിശീലനം നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 635 കൈത്തറി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 437 സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 295 കൈത്തറി സഹകരണ സംഘങ്ങൾ ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു.

(സി) ഇന്റഗ്രേറ്റഡ് ഹാൻഡ്ലൂം ട്രെയിനിംഗ് പ്രോജക്ടറ്റ്, ദീൻദയാൽ ഹാത്കർഘ പ്രോത്സാഹൻ യോജന എന്നീ പദ്ധതികളിലൂടെ 10615 കൈത്തറി തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly